പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടാത്ത
ചോദ്യം നമ്പർ. 1889

06.07.2015-ൽ മറുപടിയ്ക്ക്

ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്റ്റ്.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ ; | (എ) | ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു നേരെ അതിക്രമം നടന്നതായി വിവരം ലഭിച്ചാൽ സബ്ഡിവിഷണൽ പോലീസ് ഓഫീസർ സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേയ്ക്ക് അയയ്ക്കുകയും, അട്രോസിറ്റി ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നാൽ ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്റ്റ് (1989)ലെ ബന്ധപ്പെട്ട സെക്ഷൻ ഉൾപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു വരുന്നു. അതിക്രമങ്ങൾക്ക് ഇരയായവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനായി എഫ്.ഐ.ആറിന്റെ പകർപ്പ്, കളക്ടറേറ്റിലേയ്ക്ക് യഥാസമയം അയച്ചു കൊടുക്കുന്നുണ്ട്. ഇപ്രകാരമുള്ള കേസുകൾ ഡി.വൈ.എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് അന്വേഷിക്കുന്നത്. |
| (ബി) നിയമം ഫലപ്രദമായി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കാൻ നടപടികൾ | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്റ്റ് |

സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ മാസവും ജില്ലാ പോലീസ് മേധാവിമാരുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തി അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ പുരോഗതി വിലയിരുത്തി കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകാറുണ്ട്. വിവിധ പട്ടികജാതി പട്ടികവർഗ്ഗ പ്രതിനിധികൾ, എസ്.സി/എസ്.റ്റി വകുപ്പുകൾ, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്ന വിവിധ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങളിലൂടെ പട്ടികജാതി പട്ടികവർഗ്ഗ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും യുക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവിമാരും ഡി.വൈ.എസ്.പിമാരും പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും കോളനികൾ കേന്ദ്രീകരിച്ച് ആവശ്യമായ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവ ചെയ്തു വരുന്നുണ്ട്. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന അവലോകന യോഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റു പ്രധാനപ്പെട്ട വിവരങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(സി) ഏറ്റവും ഒടുവിൽ ഇക്കാര്യങ്ങൾ അവലോകനം ചെയ്തത് എപ്പോഴാണെന്നും ഇപ്രകാരം എത്തിച്ചേർന്ന നിഗമനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ ;

(സി) എല്ലാ ജില്ലകളിലും എല്ലാ മാസവും ഇക്കാര്യങ്ങൾ അവലോകനം ചെയ്തു വരുന്നുണ്ട്. അതിക്രമങ്ങൾക്കിരയായവർക്ക് ധനസഹായം അനുവദിക്കുക, അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ, വിചാരണയിലുള്ള കേസുകൾ, അതിക്രമം സംബന്ധിച്ച് ലഭിച്ച പരാതികൾ

എന്നീ വിഷയങ്ങളിൽ അവലോകനം നടത്തി ഉചിതമായ നടപടികൾ യഥാവിധി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പട്ടികവിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ ഈ ആക്ടുമായി ബന്ധപ്പെട്ട് നിയമാനുസൃത കടമ നിർവ്വഹിക്കാത്തതിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ? | (ഡി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടന്ന അതിക്രമങ്ങളിൽ നിയമാനുസൃത കടമ നിർവ്വഹിക്കാത്തതിന് ആരുടെ പേരിലും കേസെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ